മലയാളത്തിന്റെ
പ്രിയ കഥാകാരൻ
ശിഹാബുദ്ദീൻ
പൊയ്ത്തുംകടവ്
നിങ്ങളുമായി സംവദി
ക്കുന്നു



# ശിഹാബ്ക്കയോട് ചോദിക്കാം

**കവികൾക്കും കലാകാരൻമാർക്കും അരാജക ജീവിതമാണ് ഇഷ്ടം എന്ന് കേൾക്കുന്നു. ശരിയാണോ ശിഹാബ്ക്കാ?**

**ഫസ്ന ബഷീർ, താമരശ്ശേരി**
**മുഹമ്മദലി ജൗഹർ സെക്കന്ററി സ്കൂൾ**
**ക്ലാസ്– 10, എളേറ്റിൽ വട്ടോളി**

കവികൾ താടിയും മുടിയും നീട്ടിവെച്ച് ജുബ്ബയും തുണിസഞ്ചിയുമൊക്കെയായി നടക്കുന്നവരും അരാജകവാദികളുമാണെന്ന ധാരണ പൊതുവെയുണ്ട്. വലിയ തമാശയെന്താണെന്നു വെച്ചാൽ പൊതുവെ നമ്മുടെ കവികളിൽ താടി വെക്കുന്നവർ നന്നെ കുറവാണ് എന്നതാണ്.

ഇതൊക്കെ കച്ചവടസിനിമക്കാരൊക്കെ ഉണ്ടാക്കുന്ന ഓരോ ടൈപ്പ് കഥാപാത്രങ്ങളാണ്. പിന്നെ അരാജകജീവിതം കവികളിലുമുണ്ടാകാം. സാധാരണക്കാരിലും അതുണ്ടല്ലോ. കവികൾ കാര്യങ്ങളെ വേറിട്ട് കാണുന്ന പ്രകൃതക്കാരായതിനാൽ അവരുടെ അരാജകത്വത്തിന് ശ്രദ്ധ കൂടുതൽ കിട്ടുന്നുണ്ടാവണം.

**എപ്പോഴാണ് ശിഹാബ്ക്കാക്ക് ഒരു എഴുത്തുകാരനാവണം എന്ന് തോന്നിയത്?**

**ആസിഫ് വി. ആർ**
**ക്ലാസ്– 9**
**അൻസാർ ഇംഗ്ലീഷ് സ്കൂൾ**

ഈ ചോദ്യം കേട്ടപ്പോൾ സത്യത്തിൽ എനിക്ക് നല്ല ചിരി വന്നു, കേട്ടോ. ഞാൻ

▸▸ ഇന്ത്യയിൽ ഭൂപരിഷ്കരണം നടപ്പിലാക്കിയ ആദ്യ സംസ്ഥാനം– കേരളം

എന്നെപ്പറ്റിത്തന്നെ ഓർത്ത് ചിരിച്ചതാണ്. സാഹിത്യകാരനാവണം എന്ന് കരുതി ആയതല്ല. ചെറുപ്പത്തിലേ കഥ പറയാനുള്ള, അത് കേൾക്കാനുള്ള താൽപര്യം ഉണ്ടായിരുന്നു. പ്രോൽസാഹിപ്പിക്കാൻ ആരും ഉണ്ടായിരുന്നില്ല. ഏതോ ജൻമവാസനപോലെ എഴുതിയെഴുതി എഴുത്തുകാരനായിപ്പോയതാണ്.

ജാതിമത വിവേചനങ്ങളും കലഹങ്ങളും വാർത്തകളിലൂടെ നമ്മൾ അറിയുന്നുണ്ടല്ലോ. എന്താണ് ശിഹാബ്ക്കാ ആർക്കും സമാധാനം ഇഷ്ടമല്ലേ?

**റിദ ഇസ്‌ലാം, ക്ലാസ്– 7**
**എസ്.എൻ ട്രസ്റ്റ് എച്ച്.എസ്.എസ്, കണ്ണൂർ**

റിദയുടെ ചോദ്യം എനിക്ക് നല്ലവണ്ണം ഇഷ്ടപ്പെട്ടു. റിദയുടെ അതേ ചോദ്യം ഞാൻ എത്രയോ കാലമായി എന്നോടു തന്നെ ചോദിക്കുന്നു. കിട്ടിയ ഉത്തരം പൊതുവായി പറയാം.

മനുഷ്യനിൽ നല്ലതും ചീത്തതുമായ സ്വഭാവങ്ങളുണ്ട്. നല്ല സ്വഭാവത്തെ ഉള്ളിൽ നിന്ന് ഉയർത്തിക്കൊണ്ടു വരണം. എന്നാൽ ചീത്ത സാഹചര്യങ്ങളിൽ നമ്മുടെ ചീത്തത്തരം കൂടും.

ഇനി എങ്ങനെയാണ് നല്ല സ്വഭാവത്തെ ഉയർത്തിക്കൊണ്ടു വരിക എന്നാലോചിക്കാം. മനുഷ്യർക്ക് കാരുണ്യത്തോടും സ്നേഹത്തോടും ആഭിമുഖ്യം ഉണ്ടാക്കുന്ന വിധത്തിലുള്ള കാര്യങ്ങൾ ചുറ്റുപാടുമുണ്ടാവണം. തന്നെപ്പോലെ തന്റെ അയൽക്കാരനെയും സഹജീവികളെയും സ്നേഹിക്കാൻ ശീലിക്കണം.

നല്ല കാര്യങ്ങൾ ചെയ്യുന്ന ആളെ കാണുമ്പോൾ അഭിനന്ദിക്കണം. ജാതി, മതം എന്നിവയുടെ അടിസ്ഥാനത്തിൽ മനുഷ്യരെ വേർതിരിച്ച് കാണുന്നതാണ് പൊതുവെ ഇപ്പോഴത്തെ ദോഷം. ഏത് മതത്തിൽ പെട്ടവരിലും നല്ലവരും മോശക്കാരുമുണ്ട്. നൻമയുടെ സൗന്ദര്യം നാം അറിയണം. അതിനാണ് കലകളും സാഹിത്യവും.

മറ്റുള്ളവരെ വേദനിപ്പിച്ച് നമ്മൾ ഒന്നും നേടാതിരിക്കാൻ ശ്രമിക്കണം. അഥവാ വേദനിപ്പിച്ചു പോയാൽ ആ കാര്യത്തിൽ പശ്ചാത്താപം വേണം. ഒരു നല്ല കഥക്ക് നമ്മുടെ മനസ്സിനെ ശുദ്ധീകരിക്കാൻ കഴിയും.

ഒരു നല്ല പാട്ട് കേട്ടാൽ മനസ്സിൽനിന്ന് അക്രമ വാസന കുടിയൊഴിഞ്ഞ് സമാധാനം വരും. ഒരു നല്ല ചിത്രം നമ്മെ ഏറെ ചിന്തിപ്പിക്കും. ക്യാമറയിൽ എടുക്കുന്ന ഒരു ഫോട്ടോക്കു പോലും അതിനുള്ള ശക്തിയുണ്ട്.

വെറുക്കാൻ പ്രേരിപ്പിക്കുന്ന ഒന്നിനെയും നാം പ്രോൽസാഹിപ്പിക്കാതിരിക്കുക. നാം ചെയ്യുന്ന എല്ലാ കാര്യങ്ങളും മറ്റുള്ളവർക്കു കൂടി ഗുണമായിത്തീരണം. സ്വന്തം കാര്യം സിന്ദാബാദ് ആകരുത്. ആരെയും വെറുക്കാതിരിക്കാൻ ശീലിക്കുക. പറയുന്നത്ര എളുപ്പമല്ല കാര്യങ്ങൾ. അതിനുവേണ്ടി നമുക്ക് പരിശ്രമിക്കാം.

**ശിഹാബ്ക്കയോട് ചോദിക്കാം**

നിങ്ങളുടെ ചോദ്യങ്ങളും സംശയങ്ങളും ശിഹാബ്ക്കയുമായി പങ്കുവെക്കുക. ക്ലാസ്, സ്കൂൾ, ഫോൺനമ്പർ എന്നിവ ചേർക്കാൻ മറക്കരുത്. കത്തുകൾ അയക്കേണ്ട വിലാസം:
ശിഹാബ്ക്കയോട് ചോദിക്കാം. മലർവാടി മാസിക,
ഐ.എസ്.ടി ബിൽഡിംഗ്, വെള്ളിമാട്കുന്ന്, കോഴിക്കോട്–12.
കൂടാതെ malarvadimag@gmail.com എന്ന ഇമെയിലിലും
8281572448 എന്ന വാട്സാപ് നമ്പറിലും അയക്കാം.

▸▸ ഇന്ത്യയിലെ ആദ്യ മുസ്‌ലിംപള്ളി– മസ്ജിദ് കൊടുങ്ങല്ലൂർ